൩۱൭൭
൨/൨/൧൮

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം-വന്യജീവി വകുപ്പ്- കോഴിക്കോട് ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി.കെ.തങ്കമണി, നൽകിയ പരാതി-മാങ്കുളം ഡിവിഷനിൽ ജൂനിയർ സൂപ്രണ്ടായി ജോലി നോക്കിയിരുന്ന ശ്രീ.ഇ.ശ്രീധരൻനായർക്കെതിരെയുള്ള അച്ചടക്ക നടപടി- തീർപ്പാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.62/2018/വനം തീയതി, തിരുവനന്തപുരം, 03.02.2018.

പരാമർശം:-

1) 30.01.2015 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റി (ഭരണം)ന്റെ ഇ 3-22529/13 നമ്പർ അനൗദ്യോഗിക കുറിപ്പും അന്വേഷണ റിപ്പോർട്ടും.
2) 24.03.2015 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റി (ഭരണം) ന്റെ ബി1-5928/15 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
3) 30.07.2015, 05.02.2017 എന്നീ തീയതികളിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റി (ഭരണം) ന്റെ ബി1-5928/15 നമ്പർ കത്തുകൾ.
4) 22.07.2016 ലെ 10993/എ 1/2015/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
5) 16.12.2017 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ A1(2)5450/2017/GW നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

കോഴിക്കോട് ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി.കെ.തങ്കമണി, ജൂനിയർ സൂപ്രണ്ടായ ശ്രീ.ഇ.ശ്രീധരൻനായർക്കെതിരെ വനം വകുപ്പിലെ,

സ്ത്രീകൾക്കെതിരെയുള്ള അതിക്രമവും പീഡനവും സംബന്ധിച്ച പരാതിപരിഹാര കമ്മിറ്റി മുമ്പാകെ പരാതി സമർപ്പിച്ചു.

2) 31 വർഷങ്ങളായി വനംവകുപ്പിന്റെ വിവിധ ഓഫീസുകളിൽ ജോലി ചെയ്യുകയും കോഴിക്കോട് (ഐ&ഇ) കൺസർവേറ്ററുടെ ഓഫീസിൽ 06.06.2011 മുതൽ സീനിയർ സൂപ്രണ്ടായി ജോലി ചെയ്യുന്നതുമായ ശ്രീ.കെ.തങ്കമണിക്കെതിരെ ഹെഡ് അക്കൗണ്ടന്റായ ശ്രീ.ഇ.ശ്രീധരൻനായർ കള്ളപരാതികൾ നൽകിയും, ഓഫീസ് സമയത്ത് മദ്യപിച്ച് വന്നതിനെ ചോദ്യം ചെയ്തതിന് ആക്ഷേപിക്കുകയും ചെയ്തെന്നും ടിയാന്റെ ഇത്തരം പ്രവർത്തികൾ ഓഫീസിലെ സ്ത്രീ ജീവനക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ബോദ്ധ്യപ്പെട്ടതിനാൽ ഈ വിവരം മേലധികാരിയെ രേഖാമൂലം അറിയിച്ചെന്നും എന്നാൽ തുടർന്നും ഇത്തരം പ്രവർത്തികൾ ഓഫീസിലെ സമാധാനന്തരീക്ഷം തകർത്തെന്നും ഓഫീസ് പ്രവർത്തനത്തിന്റെ താളം തെറ്റിച്ചെന്നും ആയത് ടിയാന്റെ ശമ്പളം തടയുന്നതുവരെയുള്ള നടപടികളിൽ എത്തിയെന്നും ഇദ്ദേഹത്തിന്റെ മുൻകാല സേവന ചരിത്രം ഇത് സാക്ഷ്യപ്പെടുത്തുന്നുണ്ടെന്നും ആയതിനാൽ 5 സ്ത്രീ ജീവനക്കാർ ജോലി ചെയ്യുന്ന പ്രസ്തുത ഓഫീസിൽ സമാധാന അന്തരീക്ഷം നിലനിർത്തുന്നതിനും സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടാണ് പരാതി സമർപ്പിച്ചത്.

3) ശ്രീ.ഇ.ശ്രീധരൻനായർക്കെതിരെയുള്ള ആരോപണങ്ങൾ തെളിഞ്ഞതായി സ്ത്രീകൾക്കെതിരെയുള്ള അതിക്രമവം, പീഡനവും സംബന്ധിച്ച പരാതി പരിഹാര കമ്മിറ്റിയുടെ അന്വേഷണത്തിൽ കണ്ടെത്തുകയും ടിയാനെതിരെ ഉചിതമായ അച്ചടക്കനടപടി സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം ശുപാർശ ചെയ്യുകയും ചെയ്തു.

4) തുടർന്ന് പരാമർശം (2) പ്രകാരം ടിയാനെതിരെ 1960-ലെ കേരള സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ 16-ാം ചട്ടപ്രകാരമുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. കുറ്റപത്രത്തിലെ ചാർജ്ജുകൾ താഴെപ്പറയുന്നവയാണ്.

(i) ഹെഡ് അക്കൗണ്ടന്റായി സേവനമനുഷ്ഠിച്ച കാലയളവിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുകയും 02.04.2013 മുതൽ 15.04.2013 വരെ ജോലിയ്ക്ക് ഹാജരാകാതിരുന്നതിനുള്ള അവധി അപേക്ഷ നൽകാതിരിക്കുകയും അനധികൃതമായി ഹാജർ പുസ്തകത്തിൽ ഒപ്പിടുകയും ചെയ്തു.

(ii) കോഴിക്കോട് ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി.കെ.തങ്കമണി എന്ന മേലധികാരിയായ സ്ത്രീയെ അപമാനിക്കും വിധം ദുഷ് പ്രചരണങ്ങൾ നടത്തുകയും അവർക്കെതിരെ അന്യായമായ കാര്യങ്ങൾ നിരത്തി പരാതി നൽകുകയും സ്ത്രീ ജീവനക്കാർക്ക് ഹിതകരമല്ലാത്ത രീതിയിൽ മദ്യപിച്ച് ഓഫീസിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുകയും ചെയ്തു.

(iii) ഹെഡ് അക്കൗണ്ടന്റ് എന്ന നിലയിൽ പ്രവർത്തിക്കേണ്ട ടിയാൻ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുകയും ആയതിനാൽ ഓഫീസിന്റെ പ്രവർത്തനം താളം തെറ്റുകയും ചെയ്തു. ഇത്തരത്തിലുള്ള പ്രവർത്തി കാരണം ഹെഡ് അക്കൗണ്ടിന്റെ ചുമതലകൾ കൂടി സീനിയർ സൂപ്രണ്ട് നിർവ്വഹിക്കേണ്ടിവന്നു.

5) പ്രസ്തുത കുറ്റപത്രവും കുറ്റാരോപണപത്രികയും 21.04.2015 ൽ മാങ്കുളം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ കൈപ്പറ്റുകയുണ്ടായി. എന്നാൽ കുറ്റാരോപിതനായ ടിയാൻ 31.05.2015-ന് സർവ്വീസിൽ നിന്ന് വിരമിച്ചതിന് ശേഷം 01.06.2015 തീയതിയായുള്ള കൈപ്പറ്റാണ് തിരികെ സമർപ്പിച്ചത്. ടിയാൻ സർവ്വീസിൽ ഉടനീളം കൃത്യവിലോപത്തിനും പെരുമാറ്റദൂഷ്യത്തിനും ശിക്ഷിക്കപ്പെട്ടിട്ടുള്ളതും ശിക്ഷാ നടപടി നേരിട്ടുകൊണ്ടിരിക്കുന്നതുമാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (3) ലെ 30.07.2015 ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

6) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.ഇ.ശ്രീധരൻ നായർ നിരന്തര കൃത്യവിലോപത്തിലൂടെയും പെരുമാറ്റ ദൂഷ്യത്തിലൂടെയും സർവ്വീസിന് കളങ്കമുണ്ടാക്കിയ വ്യക്തിയാണെന്ന് കണ്ടെത്തിയതിനാൽ, ടിയാനെതിരെ സർക്കാർ തലത്തിൽ അച്ചടക്ക നടപടി തുടരാൻ തീരുമാനിക്കുകയും കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 3 പ്രകാരം ടിയാന്റെ മാസപെൻഷനിൽ നിന്നും 300/- രൂപ (മുന്നൂറു രൂപ മാത്രം) വീതം 3 വർഷത്തേയ്ക്ക് തടയുവാൻ താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു.

7) ടി കാരണം കാണിക്കൽ നോട്ടീസ് ടിയാൻ 17.08.2016 തീയതിയായി കൈപ്പറ്റിയെങ്കിലും വിശദീകരണം സമർപ്പിച്ചില്ല. കൂടാതെ ശ്രീ.ഇ.ശ്രീധരൻ നായർ കുറ്റപത്രം കൈപ്പറ്റാത്തത് മനഃപൂർവ്വമാണെന്ന് അഡീഷണൽ

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (3)ലെ 5.02.2017 ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തു.

8) കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റി നിർദ്ദിഷ്ട സമയത്തിനുള്ളിൽ ശ്രീ.ഇ.ശ്രീധരൻ നായർ മറുപടി സമർപ്പിക്കാത്ത സാഹചര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കാരണം കാണിക്കൽ നോട്ടീസിൽ രേഖപ്പെടുത്തിയതു പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കാൻ താൽക്കാലികമായി തീരുമാനിക്കുകയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയും ചെയ്തു. കമ്മീഷൻ സർക്കാരിന്റെ തീരുമാനത്തോട് യോജിച്ചതായി പരാമർശം (5) പ്രകാരം അറിയിച്ചു.

9) മേൽ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ശ്രീ.ഇ.ശ്രീധരൻ നായർ, ജൂനിയർ സൂപ്രണ്ടിന്റെ (റിട്ട) പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ (മുന്നൂറു രൂപ മാത്രം), മൂന്ന് വർഷത്തേയ്ക്ക് കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്ന് ചട്ടം മൂന്ന് പ്രകാരം കുറവ് ചെയ്തുകൊണ്ട് ടിയാനെതിരെ പരാമർശം (2) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കെ.ജോസഫ്
ജോയിന്റ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)
ശ്രീ.ഇ. ശ്രീധരൻ നായർ, ജൂനിയർ സൂപ്രണ്ട് (റിട്ട)(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ